entri

# Current affairs 23 Aug 2025

### ദേശീയ ബഹിരാകാശ ദിനം
ആഗസ്റ്റ് 23

- 2025 Theme - ‘Aryabhatta to Gaganyaan: Ancient Wisdom to Infinite Possibilities’
- 2023 ആഗസ്റ്റ് 23-നാണ് ഇന്ത്യയുടെ ചന്ദ്രയാൻ-3 ദൗത്യം ചന്ദ്രോപരിതലത്തിൽ വിക്രം ലാൻഡറിന്റെ സോഫ്റ്റ് ലാൻഡിങ് വിജയകരമായി പൂർത്തിയാക്കിയത്. അതിന്റെ ഓർമ്മയ്ക്കായാണ് ആഗസ്റ്റ് 23 ദേശീയ ബഹിരാകാശ ദിനമായി ആഘോഷിക്കുന്നത്.
- ഇന്ത്യയുടെ പ്രഥമ ദേശീയ ബഹിരാകാശ ദിനം 2024 ആഗസ്റ്റ് 23 ന് ആഘോഷിച്ചു.

---

### 2025 ആഗസ്റ്റിൽ ശ്രീലങ്കയിൽ നടന്ന ഇന്ത്യ-ശ്രീലങ്ക നാവിക അഭ്യാസം
സ്ലിനെക്സ്-25 (SLINEX-25)

- സ്ലിനെക്സ്-25 ന്റെ 12-ാമത് പതിപ്പിനാണ് ശ്രീലങ്ക വേദിയായത്.

---

### ഉക്രെയ്ൻ-റഷ്യ യുദ്ധം അവസാനിപ്പിക്കാൻ 2025 ആഗസ്റ്റിൽ നടന്ന പുടിൻ-ട്രംപ് ഉച്ചകോടിക്ക് വേദിയായത്
അലാസ്ക

---

### ശുക്രന്റെ അന്തരീക്ഷം, ഉപരിതലം, കാലാവസ്ഥാ സംവിധാനങ്ങൾ എന്നിവയെക്കുറിച്ചുള്ള സമഗ്രമായ ശാസ്ത്രീയ ഡാറ്റ ശേഖരിക്കുന്നതിനായി റഷ്യ 2036ന് മുമ്പ് ശുക്രനിലേക്ക് വിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന ദൗത്യം
വെനീറ-ഡി

---

### ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ സ്പോർട്സ് സിനിമയെന്ന റെക്കോർഡ് സ്വന്തമാക്കിയത്
എഫ് 1: ദി മൂവി

- ഫോർമുല വൺ കാറോട്ട മത്സരങ്ങളുടെ കഥ പറയുന്ന ബ്രാഡ് പിറ്റ് പ്രധാന വേഷത്തിൽ അഭിനയിച്ച ഈ സിനിമ ജോസഫ് കൊസൻസ്കിയാണ് സംവിധാനം ചെയ്തിരിക്കുന്നത്.











4.8 ★ Download the app now | Learn in Malayalam